"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, അനങ്ങനടി എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. (മാത്സ്) ശ്രീമതി. വിനയ വിജയൻ ഫയൽ ചെയ്ത WP(C) No.28340/2022 മേൽ ബഹു. ഹൈക്കോടതിയുടെ 10.04.2025 - ലെ വിധിന്യായം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1176/2026/GEDN തീയതി,തിരുവനന്തപുരം, 09-02-2026

---

പരാമർശം :-

1. സ.ഉ.(അച്ചടി) നം.4/2021/പൊ.വി.വ തീയതി 6/2/2021.
2. G.O.(P) 2/2023/GEDN dated 23/1/2023
3. പാലക്കാട്, അനങ്ങനടി എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. (മാത്സ്) ശ്രീമതി. വിനയ വിജയൻ 26.03.2025 തീയതിയിലെ പുനഃപരിശോധന ഹർജി(Ext.P10)
4. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 28340/2022 മേലുള്ള 10.04.2025 തീയതി വിധിന്യായം.
5. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21-05-2025 തീയതിയിലെ ഡിഇഒടിപി/970/2025-ബി1 നമ്പർ കത്ത്.
6. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 24-05-2025 തീയതിയിലെ DDEPKD/4063/2022-B5 നമ്പർ കത്ത് .
7. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25-05-2025 തീയതിയിലെ ഇഎം 3/904/2025/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ഡബ്ല്യു.പി.(സി) 28340/2022 മേലുള്ള ബഹു.ഹൈക്കോടതിയുടെ 10.04.2025 - ലെ വിധിന്യായം അനുസരിച്ച് അനങ്ങനടി എച്ച്.എസ്.എസ് - ലെ എച്ച്.എസ്.ടി (മാത്സ്) ശ്രീമതി. വിനയ വിജയൻ സമർപ്പിച്ച റിവിഷൻ ഹർജിയിൽ 31.5.2025 തീയതിയിൽ വാദം കേൾക്കുകയുണ്ടായി. ടിയാളുടെ എച്ച്.എസ്.ടി (മാത്സ്) തസ്തികയിലെ നിയമനം 03.08.2016 മുതൽ അംഗീകരിക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

2. അപേക്ഷകയുടെയും മാനേജരുടെയും പൊതുവായ വാദം ഇപ്രകാരമാണ് :

അനങ്ങനടി ഹയർ സെക്കണ്ടറി സ്കൂളിൽ 2016-17 വർഷത്തെ പ്രതീക്ഷിത അധിക H.S.T(Maths) തസ്തികയിൽ 15/7/2016 മുതൽ ശ്രീമതി. വിനയ വിജയനെ നിയമിച്ച് അംഗീകാരത്തിനായി സമർപ്പിക്കുകയും, അധിക തസ്തികയിൽ 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപക നിയമനം നടത്താത്തതിനാൽ ടിയാളുടെ നിയമനം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു.

പിന്നീട്, 2016-17 മുതൽ 2019-20 വരെയുള്ള അധിക തസ്തികയിൽ നടത്തിയ നിയമനം അംഗീകരിക്കുന്നതിനുള്ള പരാമർശം (1) ഉത്തരവ് പ്രകാരം ഈ നിയമന പ്രൊപ്പോസൽ പുന:സമർപ്പിച്ചിരുന്നു. എന്നാൽ, ശ്രീമതി വിനയ വിജയനെ നിയമിച്ച 15/7/2016 ൽ ടിയാൾക്കു നിലനിൽക്കാൻ H.S.T കണക്കു തസ്തികയിൽ വ്യവസ്ഥാപിത ഒഴിവു നിലവിൽ ഇല്ല എന്ന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫിസർ കണ്ടെത്തിയിരുന്നു. എന്നാൽ നിയമനം നിരസിച്ച ആദ്യ ഉത്തരവിൽ തസ്തിക ലഭ്യമല്ല എന്ന വിവരം സൂചിപ്പിച്ചിരുന്നില്ല.

2016-17 ൽ സ്കൂളിൽ അനുവദിച്ച HST കോർ വിഷയത്തിലെ തസ്തികകളും, ശ്രീമതി വിനയ വിജയനെ നിയമിച്ച 15/7/2016 ന് നിയമിത ഉൾപ്പെടെ കോർ വിഷയങ്ങളിൽ ജോലി ചെയ്തിരുന്ന അധ്യാപകരുടെ എണ്ണവും താഴെ പറയും പ്രകാരമാണ്.

| 2016-17 കോർ - (HST വിഷയാനുപാതം) | H.S.T ഫിസിക്കൽ സയൻസ് | H.S.T നാച്ചറൽ സയൻസ് | H.S.T മാത്സ് | H.S.T സോഷ്യൽ സയൻസ് | H.S.T ഇംഗ്ലീഷ് | ആകെ |
|---|---|---|---|---|---|---|
| അനുവദിച്ച തസ്തിക | 5 | 4 | 7 | 6 | 7 | 29 |
| ജോലി ചെയ്യുന്നവർ | 5 | 4 | 8 | 6 | 6 | 28+1 |
| അധികം നിൽക്കുന്നത് | | | 01 (നിയമിത) | | | 01 (നിയമിത) |

H.S.T (Maths) ന് 7 തസ്തിക അനുവദിച്ചതിൽ പുതിയ നിയമനം നടത്തിയ ശ്രീമതി വിനയ വിജയൻ ഉൾപ്പെടെ 8 അധ്യാപകർ ജോലി ചെയ്തതിനാൽ, ടിയാൾക്കു തസ്തിക ലഭ്യമായിരുന്നില്ല. യഥാർത്ഥത്തിൽ 15/7/2016 ന് HST ഇംഗ്ലീഷ് തസ്തികയിലാണ് ഒഴിവു ഉണ്ടായിരുന്നത്.

H.S.T കോർ വിഷയങ്ങളിലെ വിഷയാനുപാതം കണക്കാക്കിയതിൽ തെറ്റ് പറ്റിയതിനാലാണ് ഇപ്രകാരം തെറ്റായി നിയമനം നടത്തുവാൻ ഇടയായത്. എന്നാൽ HST (മാത്സ്) തസ്തികയിലെ സീനിയർ അധ്യാപിക ശ്രീമതി ശൈലജ C.S 1/8/2016 AN മുതൽ വോളണ്ടറി റിട്ടയർമെന്റിൽ പ്രവേശിക്കുകയും, HST (മാത്സ്) തസ്തികയിൽ ഒരു വ്യവസ്ഥാപിത ഒഴിവു വരികയും ചെയ്തിരുന്നു. 2/8/2016 മുതൽ ഒഴിവു വന്ന ശ്രീമതി ശൈലജ.C.S - ന്റെ റിട്ടയർമെന്റ് ഒഴിവിലേക്ക് 3/8/2016 മുതൽ ശ്രീമതി. വിനയ വിജയനെ ഷിഫ്റ്റ് ചെയ്തു മാനേജർ ഉത്തരവ് നൽകുകയും, നിയമനം അംഗീകരിക്കുന്നതിനായി സർക്കാരിലേക്ക് ഹർജി സമർപ്പിക്കുകയും ചെയ്തിരുന്നു.

എന്നാൽ ഈ റഗുലർ ഒഴിവിലെ നിയമനം, അധിക തസ്തികയിലെ നിയമനം ആയി

കണക്കാക്കി, പരാമർശം (1) ഉത്തരവ് പ്രകാരം പരിഗണിക്കുകയും, 3/8/2016 മുതൽ 5/2/2021 നോഷണൽ ആയും, 6/2/2021 മുതൽ മാത്രം സാമ്പത്തിക ആനുകൂല്യം നൽകിയുമാണ് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ - ടെ B1/37458/2022 തിയ്യതി 29/6/2022 ഉത്തരവ് മുഖേന നിയമനം അംഗീകരിച്ചിരിക്കുന്നത്.

15/7/2016 മുതൽ HST (മാത്സ്) അധിക തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും, മുൻ വർഷത്തിൽ തസ്തിക നഷ്ടപ്പെട്ട് നിന്നിരുന്ന സംരക്ഷണത്തിന് അർഹതയുള്ളതും ചട്ടപ്രകാരം അവകാശിയുമായ ജൂനിയർ H.S.T (മാത്സ് ) അധ്യാപിക ശ്രീമതി. ജസ്റ്റി എൽസ് ജോൺസനെ ഈ ഒഴിവിൽ നിലനിർത്തിയിരുന്നു. ആയതിനാലാണ് ശ്രീമതി വിനയ വിജയന് തസ്തിക ഇല്ലാതിരുന്നത്. ചട്ട പ്രകാരമുള്ള അവകാശിയെ അധിക തസ്തികയിൽ നില നിർത്തിയാൽ, പിന്നീട് ഉണ്ടാകുന്ന റഗുലർ ഒഴിവിലേക്ക് ഈ അവകാശിയെ മാറ്റുന്നതിന് കെ.ഇ.ആർ. ൽ വ്യവസ്ഥയില്ല. പരാമർശം (2) ഉത്തരവിൽ ഖണ്ഡിക vii ൽ സർക്കാർ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ 2/8/2016 മുതൽ ഒഴിവു വന്ന ശ്രീമതി ശൈലജ.C.S ന്റെ റിട്ടയർമെന്റ് ഒഴിവിലേക്ക് 3/8/2016 മുതൽ ശ്രീമതി വിനയ വിജയനെ ഷിഫ്റ്റ് ചെയ്തു മാനേജർ ഉത്തരവ് നൽകിയത് ക്രമപ്രകാരമാണ്.

ശ്രീമതി വിനയ വിജയനെ ആദ്യം നിയമിച്ച 15/7/2016 ൽ തസ്തിക ലഭ്യമല്ല എന്നും, എന്നാൽ ശ്രീമതി. ശൈലജ C.S എന്ന അധ്യാപിക 1/8/2016 AN മുതൽ വോളണ്ടറി റിട്ടയർമെന്റിൽ പ്രവേശിച്ചതിനാലാണ് വ്യവസ്ഥാപിത ഒഴിവു ലഭ്യമായത് എന്നും നിയമനം അംഗീകരിച്ച ഉത്തരവിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ റഗുലർ ഒഴിവിലെ ഈ നിയമനം പരാമർശം (1) സർക്കാർ ഉത്തരവിന്റെ പരിധിയിൽ വരുന്നതല്ല. ഈ സാഹചര്യത്തിൽ ശ്രീമതി വിനയ വിജയന്റെ നിയമനം 3/8/2016 നോഷണൽ ആയി അംഗീകരിച്ചത് റിവൈസ് ചെയ്ത് 3/8/2016 മുതൽ സാമ്പത്തിക ആനുകൂല്യത്തോടെ അംഗീകാരം നൽകണമെന്ന് മാനേജർ വാദിച്ചു.

ശ്രീമതി. വിനയ വിജയൻ.പി - യ്ക്ക് 03/08/2016 മുതൽ റെഗുലർ തസ്തിക ലഭ്യമാണെന്ന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :

അനങ്ങനടി ഹൈസ്കൂളിൽ 2016-17 വർഷത്തെ അധിക തസ്തിക ഒഴിവിലേക്ക് ശ്രീമതി. വിനയ വിജയൻ പി -യെ 15/07/2016 മുതൽ എച്ച്.എസ്.ടി. (ഗണിതം) തസ്തികയിൽ മാനേജർ നിയമിച്ചു. ആയതിന്റെ അംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷ സ്കൂൾ 1:1 അനുപാതം പാലിച്ചിട്ടില്ല എന്ന കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചുകൊണ്ട് ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ മാനേജർ 03/08/2021 ന് സർക്കാരിൽ റിവിഷൻ ഹർജി ഫയൽ ചെയ്തിരുന്നു. ഈ റിവിഷൻ ഹർജി തീർപ്പാക്കി സർക്കാർ ശ്രീമതി. വിനയ വിജയന്റെ നിയമനം പരാമർശം (1) പ്രകാരം അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. ആയത് പ്രകാരം ശ്രീമതി. വിനയ വിജയന് എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ 03/08/2016 മുതൽ നോഷണലായും 06/02/2021 മുതൽ സാമ്പത്തിക അനുകൂല്യത്തോടെയുമാണ് നിയമനം

അംഗീകരിച്ച് നൽകിയിട്ടുള്ളത്. 03/08/2016 മുതൽ ശമ്പളാനുകൂല്യത്തോടെ നിയമനം അംഗീകരിച്ചു കിട്ടുന്നതിനാണ് നിലവിൽ ശ്രീമതി. വിനയ വിജയൻ സർക്കാരിൽ റിവിഷൻ ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

അനങ്ങനടി ഹൈസ്കൂളിൽ 2016-17 വർഷത്തിലെ തസ്തിക നിർണ്ണയ പ്രകാരം ആകെ 7 എച്ച്.എസ്.ടി. ഗണിതം തസ്തികയാണ് അനുവദിച്ച് ഉത്തരവായിരുന്നത്. ടി കാലയളവിൽ പ്രസ്തുത സ്കൂളിൽ ശ്രീമതി. വിനയ വിജയൻ എച്ച്.എസ്.ടി. ഉൾപ്പെടെ 8 ഗണിതം അദ്ധ്യാപകർ ഉണ്ടായിരുന്നു. ആയതിനാൽ 15/07/2016 മുതൽ എച്ച്.എസ്.ടി. ഗണിതം തസ്തികയിൽ ശ്രീമതി. വിനയ വിജയൻ. പി. യ്ക്ക് നിയമനം നൽകുന്നതിനുള്ള തസ്തിക ലഭ്യമായിരുന്നില്ല.

പ്രസ്തുത സ്കൂളിലെ എച്ച്.എസ്.ടി. (മാത്സ്) അധ്യാപികയായിരുന്ന ശ്രീമതി. ശൈലജ. സി.എസ് 01/08/2016 മുതൽ സേവനത്തിൽ നിന്ന് സ്വയം വിരമിച്ച ഒഴിവിൽ, നിലവിൽ ഒഴിവ് ഉണ്ടായിരുന്ന ആറാമത്തെ ഇംഗ്ലീഷ് തസ്തികയിൽ നിയമിച്ച, ശ്രീമതി. അമൃത. പി എച്ച്.എസ്.ടി (ഇംഗ്ലീഷ്) യെ 03/08/2016 മുതൽ നിയമനാംഗീകാരം നൽകി ഉത്തരവായിരുന്നു. പിന്നീട് ഇത്തരത്തിൽ ശ്രീമതി. ശൈലജ. സി.എസ് - ന്റെ വിരമിക്കൽ ഒഴിവിൽ നിയമിച്ച ശ്രീമതി. അമൃത. പി - യുടെ എച്ച്.എസ്.ടി. തസ്തികയിലെ നിയമനം യഥാർത്ഥത്തിൽ ടി സ്കൂളിൽ നിലവിലുണ്ടായിരുന്ന ആറാമത്തെ ഇംഗ്ലീഷ് തസ്തികയിലേക്ക് മാറ്റുകയും 15/07/2016 മുതൽ തസ്തികയില്ലാതെ നിലനിന്നിരുന്ന ശ്രീമതി. വിനയ വിജയൻ.പി എച്ച്.എസ്.ടി (മാത്സ്) യുടെ ലാവണം മേൽപ്പറഞ്ഞ വിരമിക്കൽ ഒഴിവിലേക്ക് മാറ്റി കൊണ്ടും മാനേജർ ഉത്തരവായിട്ടുണ്ട്.

03/08/2016 മുതൽ പ്രസ്തുത സ്കൂളിൽ ഗണിതം എച്ച്.എസ്.ടി തസ്തിക ലഭ്യമാണ്. ശ്രീമതി. ശൈലജ.സി.എസ്-ന്റെ സ്വയം വിരമിക്കൽ ഒഴിവിൽ ശ്രീമതി. അമൃത. പി - യ്ക്ക് നിയമനം നൽകുമ്പോൾ പ്രസ്തുത സ്കൂളിൽ ഇതേ തീയതിയിൽ രണ്ട് എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ ഒഴിവ് ഉണ്ടായിരുന്നതായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ പരാമർശിച്ച ലാവണ ക്രമീകരണ പ്രകാരം ശ്രീമതി. വിനയ വിജയൻ. പി - യ്ക്ക് 03/08/2016 മുതൽ എച്ച്.എസ്.ടി. (ഗണിതം) റഗുലർ തസ്തിക ലഭ്യമാണ്. ആകയാൽ മാനേജറുടെ റിവിഷൻ അപ്പീൽ അപേക്ഷ പരിഗണനാർഹമാണ്.

4. സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അനങ്ങനടി ഹൈസ്കൂളിൽ 2016-2017 വർഷത്തെ അധിക തസ്തിക ഒഴിവിലേക്ക് ശ്രീമതി. വിനയ വിജയനെ 15.07.2016 മുതൽ എച്ച്.എസ്.ടി. (മാത്സ്) ആയി നിയമിച്ചു. അംഗീകാരത്തിനായി സ്കൂൾ മാനേജർ സമർപ്പിച്ച അപേക്ഷ 1:1 അനുപാതം പാലിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിച്ച് ഉത്തരവായിരുന്നു. സ്കൂൾ മാനേജർ 03.08.2021 ന് ഫയൽ ചെയ്ത റിവിഷൻ ഹർജി തീർപ്പാക്കി സർക്കാർ ശ്രീമതി. വിനയ വിജയന്റെ നിയമനം അംഗീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ആയത് പ്രകാരം ശ്രീമതി. വിനയ വിജയന്റെ എച്ച്.എസ്.ടി. (മാത്സ്) തസ്തികയിൽ 03.08.2016 മുതൽ പരാമർശം (1) പ്രകാരം നിയമനാംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. അതുപ്രകാരം ശ്രീമതി. വിനയ വിജയൻ.പി - യ്ക്ക് 03/08/2016 മുതൽ നോഷണൽ ആയി 06.02.2021 മുതൽ സാമ്പത്തിക ആനുകൂല്യത്തോടെയും നിയമനം അംഗീകരിക്കപ്പെട്ടു. 03.08.2016 മുതൽ ശമ്പളാനുകൂല്യത്തോടെ നിയമനം അംഗീകരിക്കമെന്നതാണ് ശ്രീമതി വിനയ വിജയന്റെ ആവശ്യം.

അനങ്ങനടി ഹൈസ്കൂളിൽ 2016-2017 വർഷത്തിൽ 05.07.2016 മുതൽ എച്ച്.എസ്.ടി. (മാത്സ്) തസ്തികയിൽ ശ്രീമതി. വിനയ വിജയൻ.പി - യ്ക്ക് നിയമനം നൽകുന്നതിനുള്ള തസ്തിക ലഭ്യമായിരുന്നില്ല. 2016-2017 വർഷം 15.07.2016 ൽ പ്രസ്തുത സ്കൂളിൽ ശ്രീമതി. വിനയവിജയൻ അടക്കം 8 മാത്സ് അധ്യാപകർ ഉണ്ടായിരുന്നു. എന്നാൽ 2016-2017 വർഷത്തിലെ തസ്തിക നിർണ്ണയ പ്രകാരം ആകെ 7 എച്ച്.എസ്.ടി. (മാത്സ്) തസ്തികയാണ് അനുവദിച്ചിട്ടുള്ളത്.

പ്രസ്തുത സ്കൂളിലെ എച്ച്.എസ്.ടി. (മാത്സ്) അധ്യാപികയായിരുന്ന ശ്രീമതി. ശൈലജ.സി.എസ് 01.08.2016 മുതൽ സേവനത്തിൽ നിന്നും വിരമിച്ചപ്പോൾ ആ ഒഴിവിൽ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിൽ ശ്രീമതി. അമൃത.പി - യ്ക്ക് 03.08.2016 മുതൽ നിയമനാംഗീകാരം നൽകി. എന്നാൽ ടിയാൾക്ക് നിലവിൽ സ്കൂളിൽ ഒഴിവുണ്ടായിരുന്ന ആറാമത്തെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ ആയിരുന്നു നിയമനം നൽകേണ്ടിയിരുന്നത്. ശ്രീമതി. ശൈലജ.സി.എസ് സ്വയം വിരമിക്കൽ ഒഴിവിൽ ശ്രീമതി.അമൃത.പി. ക്ക് നിയമനം നൽകുമ്പോൾ ടി സ്കൂളിൽ രണ്ട് എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തിക ഒഴിവുണ്ടായിരുന്നു.

മേൽ സാഹചര്യത്തിൽ 03.08.2016 മുതൽ ശ്രീമതി. ശൈലജ.സി.എസ് - ന്റെ എച്ച്.എസ്.ടി (മാത്സ്) സ്വയം വിരമിക്കൽ മൂലം ഉണ്ടായ ഒഴിവിലേക്ക് നിയമിച്ചിരുന്ന ശ്രീമതി അമൃത.പി എച്ച്.എസ്.ടി.(ഇംഗ്ലീഷ്)ന്റെ ലാവണം യഥാർത്ഥത്തിൽ നിലവിലുണ്ടായിരുന്ന ആറാമത്തെ ഇംഗ്ലീഷ് തസ്തികയിലേക്ക് മാറ്റി, 15.07.2016 മുതൽ തസ്തിക ഇല്ലാതെ നിന്നിരുന്ന ശ്രീമതി. വിനയ വിജയന്റെ ലാവണം ശ്രീമതി.ശൈലജ.സി.എസ് ന്റെ സ്വയം വിരമിക്കൽ ഒഴിവിലേക്ക് മാറ്റി മാനേജർ ഉത്തരവായതിനാൽ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശ്രീമതി. വിനയ വിജയന്റെ നിയമനം 03.08.2016 മുതൽ എച്ച്.എസ്.ടി. (മാത്സ്) റെഗുലർ തസ്തികയിൽ സാമ്പത്തിക ആനുകൂല്യത്തോടെ നിയമനാംഗീകാരം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി EXT P10 റിവിഷൻ ഹർജി തീർപ്പാക്കി അപ്രകാരം പാലക്കാട് അനങ്ങനടി എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. (മാത്സ്) ശ്രീമതി. വിനയ വിജയൻ ഫയൽ ചെയ്ത WP(C)No.28340/2022 കേസ്സിന്മേൽ ബഹു ഹൈകോടതി പുറപ്പെടുവിച്ച 10.04.2025 തീയതിയിലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. വിനയ വിജയൻ, എച്ച്.എസ്.ടി. (മാത്സ്), അനങ്ങനടി എച്ച്.എസ്.എസ്., പാലക്കാട്
മാനേജർ, അനങ്ങനടി എച്ച്.എസ്.എസ്., പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/405/2025-G.EDN തീയതി: 04/01/2026 )
വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 10-02-2026 12:46:06

സെക്ഷൻ ഓഫീസർ